അംഗനവാടി വർക്കേഴ്സിന്റേയും ഹെൽപ്പേഴ്സിന്റേയും സേവന-വേതന വ്യവസ്ഥകൾ

77 (6236) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അംഗനവാടി വർക്കേഴ്സിന്റേയും ഹെൽപ്പേഴ്സിന്റേയും സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) അംഗനവാടി വർക്കേഴ്സിനേയും ഹെൽപ്പേഴ്സിനേയും തെരഞ്ഞെടുക്കുന്നതിലേക്ക് ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ ഘടനയെക്കുറിച്ച് ആക്ഷേപങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പരിശോധിക്കുന്നതാണ്.

(ബി) അംഗനവാടി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കുന്നതിലേക്കായി 22-10-2008-ലെ സ.ഉ. (എംഎസ്.) നം. 58/2008-സാ.ക്ഷേ.വ. പ്രകാരം രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനം ഡബ്ല്യു.പി. (സി) നം. 25614/09 എന്ന കേസ്സിലെ വിധിപ്രകാരം ബഹു. കേരള ഹൈക്കോടതി തടഞ്ഞിരിക്കുകയാണ്. ടി കേസ്സിൽ കൗണ്ടർ അഫിഡവിറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും, സ്റ്റേ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

വയനാട് ജില്ലയിലെ അംഗനവാടികൾ

78 (6237) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ എത്ര അംഗനവാടികളാണ് ആകെ പ്രവർത്തിക്കുന്നതെന്ന് ജീവനക്കാരുടെ എണ്ണം സഹിതം മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ മണ്ഡലത്തിലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വർക്കർ, ഹെൽപ്പർ എന്നിവർ എത്രപേരുണ്ടെന്നും ഇവർ എത്ര കാലമായി തുടരുന്നുവെന്നും വ്യക്തമാക്കുമോ ;

(സി) ഇവരിൽ ആറുമാസം ജോലി ചെയ്തവരെ സ്ഥിരപ്പെടുത്താനുള്ള നടപടിയെക്കുറിച്ച് ആലോചിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ എത്ര പുതിയ അംഗനവാടികളാണ് ആരംഭിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ആകെ 809 അംഗനവാടികൾ പ്രവർത്തിക്കുന്നു. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

മണ്ഡലത്തിന്റെ പേര്	അംഗനവാടികളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം
(1)	(2)	(3)
കൽപ്പറ്റ	280	560
സുൽത്താൻ ബത്തേരി	282	564
വയനാട് നോർത്ത്	247	494

(ബി) ഓരോ മണ്ഡലത്തിലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അംഗനവാടി വർക്കർ, ഹെൽപ്പർ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മണ്ഡലം	പല ഘട്ടത്തിലായി 6 മാസത്തിലധികം ജോലി നോക്കുന്നവർ		6 മാസത്തിൽ കുറഞ്ഞ കാലയളവിൽ ജോലി നോക്കിയിരുന്നവർ	
	വർക്കർ	ഹെൽപ്പർ	വർക്കർ	ഹെൽപ്പർ
(1)	(2)		(3)	
കൽപ്പറ്റ	5	38	1	3
സുൽത്താൻ ബത്തേരി	0	0	34	92
വയനാട് നോർത്ത്	0	2	22	25

(സി) 15-12-2006-ന് 6 മാസമോ അതിൽ കൂടുതലോ കാലം താൽക്കാലികമായി ജോലി നോക്കിയിട്ടുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഐ.സി.ഡി. എസ്.പ്രോജക്ട്	ക്രമ നമ്പർ	പഞ്ചായത്ത്	അംഗനവാടികളുടെ എണ്ണം
(1)	(2)	(3)	(4)
കൽപ്പറ്റ	1	പൊഴുതന	10
	2	വൈത്തിരി	6
	3	തരിയോട്	7
	4	കണിയമ്പറ്റ	9
	5	മേപ്പാടി	8
	6	മൂപ്പയിനാട്	6
	7	പടിഞ്ഞാറെത്തറ	6
	8	വേങ്ങപ്പള്ളി	3
	9	കൽപ്പറ്റ(മുനിസിപ്പാലിറ്റി)	6
	10	കോട്ടത്തറ	6
	11	മുട്ടിൽ	8
മാനന്തവാടി	12	മാനന്തവാടി	8
	13	തിരുനെല്ലി	4
	14	തവിഞാൽ	5
	15	എടവക	8
	16	പനമരം	5
	17	വെള്ളമുണ്ട	8
	18	തൊണ്ടർനാട്	3
സുൽത്താൻ ബത്തേരി	19	സുൽത്താൻബത്തേരി	15
	20	നൂൽപ്പുഴ	15
	21	നെന്മേനി	27
	22	അമ്പലവയൽ	13
	23	മീനങ്ങാടി	14
	24	പുൽപ്പള്ളി	11
	25	മുള്ളൻകൊല്ലി	11
	26	പൂത്താടി	10
	ആകെ		232

LIBRARY ARCHIVES Kerala Legislative Assembly